# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഷോളയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(9)/1253/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഷോളയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD(9)/1253/22

തീയ്യതി: 22/07/2022

# പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2020 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ

അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശിഭുഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 05-06-2022 | 09-06-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-06-2022 | 09-06-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ.ടി.കെ ഓഡിറ്റ് ഓഫീസർ
ശ്രീ.ജിജേഷ്.എം .സിനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കന്തസ്വാമി .ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.രത്തിന രാമമുർത്തി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2020 | 04-12-2020 |
| ശ്രീ.രാമമൂർത്തി | പ്രസിഡന്റ് | 05-12-2020 | 31-03-2021 |
| ശ്രീ.ഷാജൻ.വി.എ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയ (വ |
|---|---|---|---|
| ശ്രീ.ജോൺ.ജെ | അസി.സെക്രട്ടറി | 01-04-2020 | 06-0 202 |
| ശ്രീ.ജയചന്ദ്രൻ.എ | അസി.സെക്രട്ടറി | 07-08-2020 | 31-0 202 |
| ശ്രീ.രാജേഷ്.കെ.ടി | അസി.എൻജിനിയർ | 01-04-2020 | 31-0 202 |
| ശ്രീമതി.ദീപ | കൃഷി ഓഫീസർ | 01-04-2020 | 28-1 202 |
| ശ്രീമതി.സെൽവി | കൃഷി ഓഫീസർ | 29-10-2020 | 31-0 202 |
| ഡോ.മിഥുൻ കെ.സി | വെറ്റിനറി സർജ്ജൻ | 01-04-2020 | 01-0 202 |
| ഡോ.കണ്ണൻ.എസ് | വെറ്റിനറി സർജ്ജൻ | 02-07-2020 | 11-0 202 |
| ഡോ.മരിയ ലൂക്കോസ് | വെറ്റിനറി സർജ്ജൻ | 12-03-2021 | 31-0 202 |
| ശ്രീമതി.സെനി ഹെലൻ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 16-0 202 |
| ശ്രീ.ഈശ്വരൻ.എം | ഹെഡ്മാസ്റ്റർ | 17-06-2020 | 31-0 202 |
| ശ്രീ.വിപിൻ | വി.ഇ.ഒ | 01-04-2020 | 20-1 202 |
| ശ്രീമതി.സജിത.പി | വി.ഇ.ഒ | 21-12-2020 | 31-0 202 |

| | | | |
|---|---|---|---|
| ശ്രീമതി.വിബിത.സി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 01-0 202 |
| ശ്രീമതി.വിനീത.ജി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 02-08-2020 | 31-0 202 |
| ഡോ.അരുൺ അൽഫോൺസ് | MO(PHC) | 01-04-2020 | 22-0 202 |
| ഡോ.ജയകുമാർ.വി.എൽ | Mo(PHC) | 23-07-2020 | 31-0 202 |
| ഡോ.ശ്രീജ.ജെ | MO (ISM ) | 01-04-2020 | 31-0 202 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | സാമ്പത്തിക നില | 1-3 |
| 5 | ഫണ്ട് വിനിയോഗം -2.70 കോടി ലാപ്സാക്കി | 1-4-1 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപ്പെൻഷൻ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ | 1-10 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ -അപാകങ്ങൾ | 1-11 |
| 14 | തൊഴിൽ നികുതി -അപാകങ്ങൾ | 1-12 |
| 15 | റസിഡൻഷ്യൽ ഹോം സ്റ്റേകൾ എന്ന വിഭാഗം സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിരക്ക് നിർണ്ണയിച്ചിട്ടില്ല. | 1-13 |
| 16 | അനധികൃത നിർമ്മാണം-തുടർനടപടികൾ, മോണിട്ടറിങ് എന്നിവ കാര്യക്ഷമമല്ല | 1-14 |
| 17 | അസി.എൻജിനിയർ-E- TENDER വരവ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കണം | 1-15 |
| 18 | മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ | 1-16 |
| 19 | ടാറിങ് പ്രവർത്തി -ബാരൽ വില കുറവ് ചെയ്യിട്ടില്ല | 1-17 |

| | | |
|---|---|---|
| 20 | ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം -ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി ലഭ്യമാക്കണം | 1-18 |
| 21 | പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ -പരിപാലന കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല | 1-19 |
| 22 | കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ -പഴയത് സ്റ്റോക്കിലെടുത്തില്ല | 1-20 |
| 23 | ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് -ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-21 |
| 24 | ബസ്സ് സ്റ്റാന്റ് നിർമ്മാണം -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-22 |
| 25 | NREGS -മെറ്റീരിയൽ പർച്ചേസ് -GST/TDS നടത്തിയിട്ടില്ല | 1-23 |
| 26 | അഗതി രഹിത കേരളം -മോണിട്ടറിങ് കാര്യക്ഷമമാക്കണം | 1-24 |
| 27 | കുടുംബശ്രീയ്ക്ക് AHADS ഫണ്ട് -മോണിട്ടറിങ് കാര്യക്ഷമമല്ല | 1-25 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26 |
| 29 | സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യത്തിനു വേണ്ട പദ്ധതികൾ ഏറ്റെടുക്കുന്നില്ല. | 1-27 |
| 30 | ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് കാലികമാക്കി അർഹരായവർക്ക് ആനുകൂല്യം നൽകേണ്ടതാണ്. | 1-28-1 |
| 31 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി തുക വകയിരുത്തേണ്ടതാണ്. | 1-28-2 |
| 32 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്ക്കാളർഷിപ്പ്- അപാകങ്ങൾ | 1-28 |
| 33 | തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ | 1-29-1 |
| 34 | സംയുക്തപരിശോധന | 1-29-2 |

| | | |
|---|---|---|
| 35 | തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പദ്ധതികൾ | 1-29-3 |
| 36 | തെരുവ് വിളക്ക് പരിപാലനം- അവലോകനം | 1-29 |
| 37 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല. | 1-30 |
| 38 | ആർട്ട്കോയിൽ നിന്നുള്ള വാങ്ങലുകളിൽ ജി എസ് ടി-ടിഡിഎസ് കുറവ് ചെയ്യുന്നില്ല. | 1-31 |
| 39 | ലൈഫ് മിഷൻ (പട്ടിക വർഗ്ഗം) - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ | 1-32-1 |
| 40 | ലൈഫ് മിഷൻ (എസ്.സി.പി ) - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ | 1-32-2 |
| 41 | ലൈഫ് മിഷൻ- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-32 |
| 42 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. | 1-33 |
| 43 | ക്ഷീര വികസനം- പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. | 1-34 |
| 44 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-35 |
| 45 | കുടിവെള്ളപദ്ധതികളുടെ പരിപാലനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം | 1-36 |
| 46 | സുഭിക്ഷകേരളം പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-37 |
| 47 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ടാറിങ് പ്രവർത്തി -ബാരൽ വില കുറവ് ചെയ്തിട്ടില്ല | 3-1 |
| **ഭാഗം 4** | | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

21.3.2020 തീയതിയിലെ 1/1 നമ്പർ പഞ്ചായത്ത് തീരുമാ
അംഗീകരിച്ചു. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1964591 |
| പ്രതീക്ഷിത തൻവർഷം വരവ് | 204451591 |
| ആകെ വരവ് | 204451591 |
| പ്രതീക്ഷിത ചെലവ് | 203018600 |
| നീക്കിയിരിപ്പ് | 1432991 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക
പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേ

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം
സാക്ഷ്യപ്പെടുത്തുന്നില്ല.

2.പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യ

3.വെള്ളക്കരവുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ
ആയതിനാൽ വെള്ളക്കരത്തിന്റെ ഡിമാന്റ്, കളക്ഷൻ, ബാല
ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

4.വെള്ളക്കരം പിരിവിനായി ഉപയോഗിക്കുന്ന രശീതി ബുക
രജിസ്റ്ററിൽ രശീതി ബുക്കുകൾ വിതരണം ചെയ്യുന്നതിന്
ചേർക്കുന്നില്ല .

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാ പരിഹ ലഭിച്ച തീയ |
|---|---|---|---|---|
| 20-21 | 31-7-2021 | 26-05-2021 | - | - |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 36377780.72 |

| | |
|---|---|
| വരവ് | 114160748 |
| ആകെ | 150538528.72 |
| ചെലവ് | 126432697 |
| നീക്കിയിരിപ്പ് | 24105831.72 |

## 1-4-1 ഫണ്ട് വിനിയോഗം -2.70 കോടി ലാപ്സാക്കി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സ |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 21896172 | 21896172 | 20313431 | 15 |
| പ്ലാൻ (SCP) | 0 | 2299560 | 2299560 | 1985000 | 31 |
| പ്ലാൻ (TSP) | 0 | 24317433 | 24317433 | 18243607 | 60 |
| CFC (BASIC ) | 0 | 26113580 | 26113580 | 16153632 | 99 |
| CFC (TIED) | 0 | 11660000 | 11660000 | 3892603 | 77 |
| റോഡ് (MG) | 0 | 5513000 | 5513000 | 5477566 | 3 |
| റോഡീതരം (MG) | 0 | 7767632 | 7767632 | 6493047 | 12 |
| ആകെ | 0 | 99567377 | 99567377 | 72558886 | 270 |

ആകെ ലഭ്യമായ 9.95 കോടിയിൽ 7.75 കോടി ചെലവഴിക്ക ലാപ്സായി. മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സ |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 21896172 | 21896172 | 20313431 | 15 |
| പ്ലാൻ (SCP) | 0 | 2299560 | 2299560 | 1985000 | 31 |
| പ്ലാൻ (TSP) | 0 | 24317433 | 24317433 | 18243607 | 60 |
| CFC (BASIC ) | 0 | 26113580 | 26113580 | 16153632 | 99 |
| CFC (TIED) | 0 | 11660000 | 11660000 | 3892603 | 77 |
| റോഡ് (MG) | 0 | 5513000 | 5513000 | 5477566 | 3 |
| റോഡീതരം (MG) | 0 | 7767632 | 7767632 | 6493047 | 12 |
| ആകെ | 0 | 99567377 | 99567377 | 72558886 | 270 |

കേന്ദ്രാവിഷ്കൃതം

| | | | | |
|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം- TSC ശുചിത്വ മിഷൻ | 710006 | 0 | 710006 | 26000 |
| കേന്ദ്രാവിഷ്കൃതം- ICDS | 3524548 | 1250888 | 4775436 | 47061 |
| ശുചിത്വമിഷൻ TSC | 4131303 | 2075794 | 6207097 | 16800 |

| | | | | | |
|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (Rpപ്രകാരം)* | ബ്ലോക്ക് പഞ്ചായത്ത് | 1956961 | 0 | 1956961 | 65000 |
| | ജില്ലാ പഞ്ചായത്ത് | 9427750 | 0 | 9427750 | 482800 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം- TSC ശുചിത്വ മിഷൻ | | 3125075 | 2228192 | 5353267 | 209892 |
| കേന്ദ്രാവിഷ്കൃതം- ICDS | | 863892 | 1205651 | 2069543 | 98745 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (Rpപ്രകാരം)* | ബ്ലോക്ക് പഞ്ചായത്ത് | 863892 | 550000 | 1413892 | 107047 |
| | ജില്ലാ പഞ്ചായത്ത് | 818425 | 300000 | 1118425 | 81842 |

1. ലൈഫ് ഭവനപദ്ധതിക്കായുള്ള KURDFC ലോൺ തിരിച്ചടവ് അങ്കണവാടി വർക്കർമാർക്കുള്ള പ്രതിഫലം ഇനത്തിൽ 2365200രൂപ എന്നിവ ഉൾപ്പെടെ ആകെ **4721828** രൂപ വിക വിഭാഗത്തിൽ നിന്നും, ലൈഫ് ലോൺ തിരിച്ചടവ് ഇനത്ത വികസനഫണ്ട് എസ്.സി.പി വിഭാഗത്തിൽ നിന്നും,ലൈഫ് ഇനത്തിൽ **600432** രൂപ വികസനഫണ്ട് ടി.എസ്.പി വിഭ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് മേൽപട്ടികയിൽ ഉൾ

2.തൊഴിലുറപ്പ് പദ്ധതിക്കായുള്ള മറ്റീരിയൽ കോസ്റ്റ് 751096 റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാ എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാന 7510963 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രി ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കി താഴെ ചേർക്കുന്നു.

തൻവർഷം അംഗീകാരം ലഭ്യമാക്കിയ 228 പ്രൊജക്ടിൽ 177 നിർവ്വഹണം നടത്തിയിട്ടുള്ളത് (77% ).ആകെ അടങ്കൽ 18.49 കോടി ചെലവഴിക്കപ്പെട്ടു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി | നടപ്പാക്കാത്തവ |
|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | യത് (എണ്ണം) | (എണ്ണം) |
|---|---|---|---|---|---|
| 228 | 184951000 | 177 | 103368308 | 0 | 51 |

1-5-1-പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമല്ല.

നിർവ്വഹണോദ്ധ്യോഗസ്ഥർ തൻവർഷം നിർവ്വഹണം നടത്തി വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെ |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 10 | 6 | 4945090 | 9 |
| വെറ്റിനറി സർജ്ജൻ | 11 | 11 | 0 | 16830000 | 124 |
| MO (PHC) | 3 | 3 | 0 | 1356054 | 12 |
| MO (HOMEO) | 2 | 2 | 0 | 180000 | 18 |
| MO (AYUR) | 2 | 2 | 0 | 1240000 | 12 |
| ഫിഷറീസ് | 1 | 0 | 1 | 1353000 | |
| VEO | 16 | 12 | 4 | 54817375 | 29 |
| ICDS | 7 | 6 | 1 | 6491800 | 50 |
| സെക്രട്ടറി | 41 | 34 | 7 | 25802521 | 122 |
| അസി.എൻജി. | 121 | 91 | 30 | 67219832 | 372 |
| ഹെഡ് മാസ്റ്റർ | 1 | 1 | 0 | 300000 | 1 |
| അസി.സെക്രട്ടറി | 7 | 5 | 2 | 4415328 | 28 |
| ആകെ | 228 | 177 | 51 | 184951000 | 103 |

പൂർണ്ണതോതിലുള്ള പദ്ധതി നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| ഭരണചെലവുകൾ | 3965 | 3281772 | 3285737 | 3248370 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 125638145 | 125638145 | 125638145 |
| ആകെ | 3965 | 128919917 | 128923882 | 125962513 |

-

## 1-7 ക്ഷേമപ്പെൻഷൻ

| | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളു |
|---|---|---|---|

| | | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | 0 |
| കർഷകതൊഴിലാളി പെൻഷൻ | 125600 | 77 |
| വിധവാപെൻഷൻ | 14316400 | 183 |
| വാർദ്ധക്യകാലപെൻഷൻ | 26741600 | 194 |
| വികലാംഗപെൻഷൻ | 2319900 | 92 |
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് പെൻഷൻ | 24000 | 2 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള
പരിശോധന 01-06-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 2.30ന് സ
ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ ന
പരിശോധനയിൽ 3057/- രൂപ ക്യാഷ് ബാലൻസിന്റെ ക്യ
ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ
അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക
ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ
പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞ
കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്ക
സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം.1 ആയി ചേർത്ത

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്റ
സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട്
പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ്
രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എ
ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര
മാനപലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്.
രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉ

ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ
സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമ
ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം
ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോ
ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അ
കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ്
ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കു
കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന
ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം
അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ്
പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ്
ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പ
സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശ
വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജി
സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും
ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാ
റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂ

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്ത
ഫൈൻ/പിഴപ്പലിശ ഈടാക്കുന്നില്ല. എല്ലാ കളക്ഷനുകളും കാ
എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധ
വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ
ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറ
എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ
വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയ
വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർ
ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡി
ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് ര
രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 20-21 ൽ മറ്റു നികുതികളു
ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി
ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നട
സ്വീകരിക്കുന്നില്ല. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും ന
പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപന
നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെ
അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാ
പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേ
ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്
ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നു
സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നട
ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം
സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം
ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തിക
നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി
ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമാ
ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേ
ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോ
വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരി

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ
ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപര
തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അട

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ) ലൂടെ മിനുട്ട്സ്
സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ്
മിനുട്ട്സുകളും Online സംവിധാനത്തിലേക്കു
ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ട
ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ
ഇടപെടലിന്റെയും അഭാവത്തിൽ 20-21 വർഷം സർക്കാരിൽ
ഗ്രാന്റുകളിൽ ₹ 2.70 കോടി ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു
ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ട
നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർ
ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം
ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും

നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർ ജലനിധിയിൽ നിന്ന് ഏറ്റെടുത്ത് പഞ്ചായത്ത് നേരിട്ട് നടത്തി പദ്ധതികളുടെ നടത്തിപ്പ് പ്രത്യേകം മോണിട്ടറിങ് നടത്തേണ്ടതു നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതി കളുടെ നികുതിപിര ഡിമാൻറ് രജിസ്റ്റർ കാലികമാക്കി കുടിശ്ശിക പിരിവ് കാര്യക്ഷമമ പൂർത്തീകരിക്കാത്ത ബസ്സ് സ്റ്റാൻറ്, ഖരമാലിന്യ സംസ്കരണ പ്ലാ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോ ലഭിച്ച തീയ |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-04-2022 | 12/2020 &1/2022 | 23.4.202 |
| അക്കൗണ്ടൻറ് ജനറലിൻറെ ഓഡിറ്റ് | 5-5-2014മുതൽ 13-5-2014വരെ | 2009-10-2013-14 | 15-7-20 |

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈ -അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വാണിജ്യ സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈ ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അ കാര്യക്ഷമത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ത

**1.ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളു സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.**

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെ അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു.

## 2. ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ

2020-21 വർഷം ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന 6
ഇറച്ചിക്കടകൾ നടത്തുവാൻ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ലൈസൻസിയുടെ പേര് | ലൈസൻസ് നം |
|---|---|---|
| 1 | പ്രദീപ്.എ.എസ്, ബിസ്മി ഹലാൽ ചിക്കൻ സ്റ്റാൾ | 10 |
| 2 | കറുപ്പസ്വാമി ചിക്കൻ സ്റ്റാൾ | 5 |
| 3 | രാജൻ, ദീപിക ചിക്കൻ സ്റ്റാൾ | 112 |

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കട
1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വ
കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും
പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം
തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭ
സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സ
ഡി ബി 2/12/തസ്വഭവ തീയതി 06-04-2012 ) എന്നിവയിലെ
പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ്
ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്
ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതി
പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ (
അറിയിക്കേണ്ടതാണ്.

## 3.ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ
പഞ്ചായത്ത് പ്രദേശത്ത് വാണിജ്യ/ വ്യവസായ വിഭാഗത്തിൽ
കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ലൈ
പരിശോധിച്ചതിൽ 131 സ്ഥാപനങ്ങൾ മാത്രമാണ് ലൈ
പ്രവർത്തിക്കുന്നത്. ഫീൽഡ് വെരിഫിക്കേഷൻ നടത്തി
പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസിന്റെ
കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
നൽകിയ ഓഡിറ്റ് എൻക്വയറി നം:13/20-21 /2.6.22 ന് മറുപടി ലഭ്യമ

## <u>1-12 തൊഴിൽ നികുതി -അപാകങ്ങൾ</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായ ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർ അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. 2020-21 വർഷത്തെ തൊഴിൽ റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയു കാണുന്നു.

## ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടി

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | എക്സൈസ് ചെക്ക് പോസ്റ്റ്, മട്ടത്തുക്കാട് | 2 |
| 2 | കനറാ ബാങ്ക് | 2 |
| 3 | കെ.എസ്.ഇ.ബി- എക്സ്.എഞ്ചിനീയർ | 2 |
| 4 | സാക്ഷരതാപ്രേരക് | 2 |
| 5 | കോപ്പറേറ്റീവ് ബാങ്ക്, ഷോളയൂർ | 1 & 2 |
| 6 | കരാർ ജീവനക്കാർ, ഷോളയൂർ ഗ്രാമ പഞ്ചായത്ത് | 1 & 2 |

## കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും കണക്കാക്കുന്നതിന് സ്റ്റേറ്റ് മെന്റ് വാങ്ങിയതായോ അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## വിവിധ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈ

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുന
ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷ |
|---|---|---|
| 1 | ക്ഷീരോൽപാദന സഹകരണ സംഘം- ഷോളയൂർ | 1 & 2 |
| 2 | ക്ഷീരോൽപാദന സഹകരണ സംഘം- പെട്ടിക്കൽ | 1 & 2 |
| 3 | ക്ഷീരോൽപാദന സഹകരണ സംഘം- കോട്ടത്തറ | 1 & 2 |
| 4 | മാവേലി സ്റ്റോർ, ആനക്കട്ടി | 1 & 2 |
| 5 | കോപ്പറേറ്റീവ് ബാങ്ക്, കോട്ടത്തറ | 1 & 2 |
| 6 | ഭവാനി റ്റീ പ്രോഡക്ട്സ് | 1 &2 |
| 7 | കനറാ ബാങ്ക് | 1 &2 |

**സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ‌ ഈടാക്കേണ്ടതാണ്.**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപ
ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന
ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എ
ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമ
ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത്
ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലുടമകളോട് ജീവ
വിവരവും, വരുമാനവും സംബന്ധിച്ച് അർദ്ധവാർഷിക
റിട്ടേണുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നത
ലഭ്യമാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായ
പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ
തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാ

**സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

പഞ്ചായത്ത് പ്രദേശത്ത് തൊഴിൽനികുതി അടയ്ക്കുവാന
സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നി
സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ
പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച്
എൻകചയറി നം:14/20-21 /2.6.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-13 റസിഡൻഷ്യൽ ഹോം സ്റ്റേകൾ എന്ന വിഭാഗം സ**
**ഉൾപ്പെടുത്തി വസ്തുനികുതി നിരക്ക് നിർണ്ണയിച്ചിട്ടില്ല.**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ സർചാർജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയ ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചാ ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം 'റസിഡ എന്ന കെട്ടിട വിഭാഗത്തിന് കുറഞ്ഞത് 10 രൂപയും കൂടിയ നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഉചിതമായ നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ വിഭാഗത്തിന് പുതുക്കിയ നികുതി നിർണ്ണയിക്കേണ്ടതാണ്. എ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ 'റസിഡൻഷ്യ വിഭാഗം കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നാളിതുവരെ ഉ സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചാ ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മ ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്ത ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നിക കാരണമാവുന്നു. ഓഡിറ്റ് എൻകചയറി നം:15/20-21 /2.6.22.

**1-14 അനധികൃത നിർമ്മാണം-തുടർനടപടികൾ, മോണ**
**എന്നിവ കാര്യക്ഷമമല്ല**

അനധികൃതനിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്ര നിയമാനുസൃതമല്ലാതെ നിർമ്മിച്ച 7 കെട്ടിടങ്ങളാണ് പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾ

**അനധികൃത നിർമ്മാണ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ച**

തദ്ദേശ സ്വയംഭരണ വകപ്പിന്റെ 29342/ആർ.എ1/2014/ ത തിയതിയിലെ ഉത്തരവിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അന രജിസ്റ്റർ സൂക്ഷിക്കേണ്ടതും രജിസ്റ്ററിൽ ഏതുതരം ചട്ടലംഘന എന്നും ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ടലംഘനത്തിനെ നടപടികൾ എന്തെല്ലാമാണ് എന്നും രേഖപ്പെടുത്തേണ്ട

അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ ഇര
രേഖപ്പെടുത്തിയിട്ടില്ല.

**കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരി
ചെയ്യിട്ടില്ല.**

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ച
മാസം കൂടുമ്പോളും ഗ്രാമപഞ്ചായത്തിൽ ബിൽഡ
റെഗുലറൈസേഷൻ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളുടെ
നടപടികൾ സ്വീകരിച്ചവ, നടപടികൾ സ്വീകരിച്ചിട്ടില്ലെ
കാരണങ്ങൾ, അനധികൃത നിർമ്മാണങ്ങളുടേയും ആയതി
തുടർനടപടികളുടേയും വിവരം എന്നിവ സർക്കാറിനെ അ
എന്നാൽ മേൽ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് 
എൻകയറി നം:16/20-21 /2.6.22

## 1-15 അസി.എൻജിനിയർ-E- TENDER വരവ് പഞ്ചായത്ത്
## അടവാക്കണം

അസി.എൻജിനിയർ E -ടെൻണ്ടർ നടത്തുമ്പോൾ ടെൻണ്ടർ ഫീ
വേണ്ടി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ട് (നം:37457063161 , മറ്റ
31.3.3021 ന് 551991 /-രൂപ നീക്കിയിരിപ്പ് ഉണ്ട് .ഇത് പഞ്ചായത്ത് പ
കണക്കിൽ ) ഉൾപ്പെട്ടിട്ടില്ല.തുക പഞ്ചായത്ത് ഫണ്ടിലേക്ക് അ
ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. E ടെൻണ്ടർ ടെൻ
ഉൾപ്പെടുന്നതിനാൽ ആയത് കാർട്ടർളി ഫയലിങ് നടത്തിയതി
എൻജിനിയർ ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റ് എൻകയറി നം:7/20-2
ലഭ്യമാക്കിയിട്ടില്ല.

## 1-16 മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച
## ഈടാക്കാതെ

ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രക
കേരള പൊതുമരാമത്ത് മാനവലിലെ വ്യവസ്ഥകൾ, കര
എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പ
നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/ക
എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണ
എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് 
നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി

നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താത ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന ന ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ് സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാന ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവ നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേ നിർവ്വഹണോദ്യോഗസ്ഥന്റ ശുപാർശയോടെ പഞ്ചായത്ത തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാ സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്ത പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങ നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ് പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീ (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏത പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയ 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയി താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അ വിശദ വിവരം ചുവടെചേർക്കുന്നു.ഇതു സംബന്ധിച്ച തുടർ ന അപൂർണ്ണമാണ് (കോൺട്രാക്ടറുടെ അപേക്ഷ,നിർവ്വഹ ശുപാർശ,പഞ്ചായത്ത് തീരുമാനം,ഫൈൻ ഈടാക്കിയ വിവരം

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ഫൈൻ സംബ | |
|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈ യ |
| 1)പ്രവർത്തി:152/21-കൽമക്കിയൂർ റോഡ് ടാറിങ്ങ്<br>അടങ്കൽ : (500000 -MG)<br>ചെലവ് : 428843/-<br>ബിൽ നം : 40/20-21/11.8.20<br>എം ബുക്ക് :54/18-19<br>എഗ്രിമെന്റ്:55/AE/SLR/18-19/25.1.19 (PAC-428843)<br>പൂർത്തീകരിക്കേണ്ടതീയ്യതി:25.7.2019(6മാസം | 12865 | 0 |

| | | |
|---|---|---|
| )<br>പൂർത്തീകരിച്ച തീയ്യതി :27.12..2019<br>(അവസാന ചെക്ക് മെഷർ)<br>22.2.2019 ന് ശേഷം സപ്ലിമെന്ററൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ-ഗിരിദാസ് | | |
| 2)പ്രവൃർത്തി:155/21-പെട്ടിക്കൽ സ്ക്കൂൾ റോഡ് ടാറിങ്<br>അടങ്കൽ : 500000 -MG<br>ചെലവ് : 4970000/-<br>ബിൽ നം:8/20-21/20.4.20<br>എം ബുക്ക് :47/18-19<br>എഗ്രിമെന്റ് :56/AE/SLR/18-19/25.1.19 (PAC-500000)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 25.7.2019 (6 മാസം As Per TS )<br>പൂർത്തീകരിച്ച തീയ്യതി :27.12.2019<br>(അവസാന ചെക്ക് മെഷർ)<br>25.7.2019 ന് ശേഷം സപ്ലിമെന്ററൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ-ശ്രീ.പ്രദീഷ് | 15000 | 0 |
| 3)പ്രവൃർത്തി:154/21-ഷോളയൂർ വരടിമല റോഡ് ടാറിങ്<br>അടങ്കൽ :600000(MGR)<br>ചെലവ്: 600000/-<br>ബിൽ നം:9/20-21/20.4.20<br>എം ബുക്ക് :39/18-19<br>എഗ്രിമെന്റ് :70/AEE/LSGD/SLR/7.3.19<br>പൂർത്തീകരിക്കേണ്ട തീയ്യതി : 7.9.2019 (6 മാസം )<br>പൂർത്തീകരിച്ച തീയ്യതി :23.12.2019<br>(അവസാന ചെക്ക് മെഷർ)<br>7.9.2019 ന് ശേഷം സപ്ലിമെന്ററൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ :പ്രദീഷ് | 18000 | 0 |
| ആകെ | | |

പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ കോൺട്രാക്
ഈടാക്കണം.ഓഡിറ്റ് എൻക്വയറി (നം: 9/20-21/3.6.22 )ക്ക് മറുപടി ല

## 1-17 ടാറിങ് പ്രവർത്തി -ബാരൽ വില കുറവ് ചെയ്യിട്ടില്ല

അസി. എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ട
പ്രവർത്തികളിൽ റോഡ് ടാറിങ് പ്രവർത്തികളുടെ ഫയൽ പരി

ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയും GST യും ഈടാ
സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.പ്രൈസ് സോഫ്റ്റ്
തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With P
അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാ
ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാ
പ്രവൃത്തികളുടെ കരാറുകാരന്റെ ബില്ലിൽ നിന്നും
ഈടാക്കിയിട്ടില്ല. ടാർ ബാരൽ തിരികെ നൽകി സ്റ്റോ
കാണുന്നില്ല. വിശദ വിവരം ചുവടെചേർക്കുന്നു(ബാരൽ വില 23
42 രൂപയും ഉൾപ്പടെ @272/ബരൽ ആണ് .ടാർ RS1 ,SS1 എന്നിവയ
യും ടാർ VG-30 യ്ക്ക 156 Kg യും ആണ് കണക്കാക്കിയിട്ടുള്ളത്.

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ബാരൽ വില സംബന്ധിച്ച് | |
|---|---|---|
| | ടാർ (Kg) | ബാരൽ |
| 1)പ്രവർത്തി:152/21-കൽമക്കിയൂർ സ്മശാനം റോഡ് ടാറിങ്<br>അടങ്കൽ :500000(MGR)<br>ചെലവ്: 426843/-<br>ബിൽ നം:40/20-21/20.4.20<br>എം ബുക്ക്:44/18-19<br>എഗ്രിമെന്റ് :55/AEE/LSGD/SLR/25.1.19<br>കോൺട്രാക്ടർ :പ്രദീഷ് | RS1-198kg<br>SS1-612<br>VG30-1519-Kg<br>ആകെ | 1.26<br>3.92<br>5.10<br>10.26 (11 |
| 2)പ്രവർത്തി:154/21-ഷോളയൂർ വരടിമല റോഡ് ടാറിങ്<br>അടങ്കൽ :600000(MGR)<br>ചെലവ്: 600000/-<br>ബിൽ നം:9/20-21/20.4.20<br>എം ബുക്ക്:39/18-19<br>എഗ്രിമെന്റ് :70/AEE/LSGD/SLR/7.3.19<br>കോൺട്രാക്ടർ :പ്രദീഷ് | RS1-121kg<br>SS1-374<br>VG30-929-Kg<br>ആകെ | 0.80<br>2.39<br><br>13.34<br>(14) |
| 3)പ്രവർത്തി:155/21-പെട്ടിക്കൽ സ്ക്കൂൾ റോഡ് ടാറിങ്<br>അടങ്കൽ : 500000 -MG<br>ചെലവ് : 4970000/-<br>ബിൽ നം:8/20-21/20.4.20<br>എം ബുക്ക്:47/18-19<br>എഗ്രിമെന്റ്:56/AE/SLR/18-19/25.1.19 (PAC-500000)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 25.7.2019 (6 മാസം As Per TS )<br>പൂർത്തീകരിച്ച തീയ്യതി :27.12.2019 (അവസാന ചെക്ക് മെഷർ) | RS1-152kg<br>SS1-360<br>VG30-950kg<br>ആകെ | 1<br>2<br>6<br>9 |

| | | |
|---|---|---|
| 25.7.2019 ന് ശേഷം സപ്ലിമെന്ററൽ എഗ്രിമെന്റ് വച്ചിട്ടില്ല കോൺട്രാക്ടർ-ശ്രീ.പ്രദീഷ് | | |
| ആകെ | | |

പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ കോൺട്രാ ഈടാക്കണം.ഓഡിറ്റ് എൻക്വയറി (ന:20/20-21/3.6.22 ലഭ്യമാക്കിയിട്ടില്ല.വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-18 ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം -ബ വകുപ്പിന്റെ അനുമതി ലഭ്യമാക്കണം

താഴെപ്പറയുന്ന ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുള്ള ആസ്തിയിൽ ഉൾപ്പെടുന്ന സ്ഥലത്തല്ല.(പി.ഡബ്ല്യു.ഡി,ഇ ആസ്തി).ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ പത്രം ഫയലിൽ

| നം | പ്രൊജക്ട് /പേര് | അടങ്കൽ/ ഫണ്ടിനം | ചെ |
|---|---|---|---|
| 1 | 256/21-മട്ടത്തുകാട് ബസ് കാത്തിരിപ്പ് കേന്ദ്രം | 282000 (CFC ) -53/20-21/20.1.21 | 282( |
| 2 | 186/21-വട്ടലക്കി ബസ് കാത്തിരിപ്പ് കേന്ദ്രം | 250000 (CFC)-17/20-21/11.7.20 | 2497 |
| 3 | 181/21-മട്ടത്തുകാട് ITI ബസ് കാത്തിരിപ്പ് കേന്ദ്രം | 250000(CFC ) 18/20-21/11.7.20 | 2499 |
| 4 | 184/21-കൂട്ടുതറ ബസ് കാത്തിരിപ്പ് കേന്ദ്രം | 250000 (CFC) 19/20-21/11.7.20 | 2498 |
| 5 | 183/21-കത്താളക്കണ്ടി ബസ് കാത്തിരിപ്പ് കേന്ദ്രം | 250000 (CFC)20/20-21/11.7.20 | 2498 |
| 6 | 182/20-21-കുലുക്കൂർ ബസ് കാത്തിരിപ്പ് കേന്ദ്രം | 250000 (CFC) 21/20-21/11.7.20 | 2496 |
| 7 | 180/20-21-കോട്ടത്തറ ബസ് കാത്തിരിപ്പ് കേന്ദ്രം | 250000(CFC) 22/20-21/11.7.20 | 2466 |

മേൽ പ്രകാരം ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുള്ളത് ആസ്തിയിൽ ഉൾപ്പെടുന്ന സ്ഥലത്താണ് (PWD )നിർമ്മിച്ചി വകുപ്പിന്റ നിരാക്ഷേപ പത്രം ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റ് എൻ 4.6.22 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ -പരിപാല കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല

20-21 ൽ പദ്ധതി വിഹിതം ഉപയോഗിച്ച് പൂർത്തികരിച്ച കുടി അതാത് പരിപാലന കമ്മറ്റികൾകൾക്ക് രേഖാമുലം കാണുന്നില്ല.ഇതു സംബന്ധി 13-ാം പഞ്ച വത്സര പദ്ധതി മാർഗ്ഗ പൂർത്തീകരിച്ചവ അതാത് പരിപാലന കമ്മറ്റികൾക്ക് രേഖാമുല തുടർപരിപാസലനച്ചെലവുകൾ കമ്മറ്റികൾ സ്വമേധയാ വ്യവസ്ഥയുണ്ട്.എന്നാൽ താഴെപ്പറയുന്ന പദ്ധതിക പരിപാലനകമ്മറ്റികൾക്ക് കൈമാറിയത് സംബന്ധ ഹാജരാക്കേണ്ടതാണ്.

| നം. | പ്രൊജക്റ്റ്/പേര് | അടങ്കൽ | ചെല |
|---|---|---|---|
| 1 | 236/21-തെക്കുംമുറി DWWS | 480000 | 48000 |
| 2 | 214/21-പുല്ലാനിവെട്ട DWWS | 200000 | 19989 |
| 3 | 210/21-കണ്ടത്തിൽക്കുന്നത് DWWS | 100000 | 10000 |
| 4 | 258/21-പഴയനിരത്ത് DWWS | 250000 | 25000 |
| 5 | 217/21-ചേലക്കുളം DWWS | 200000 | 20000 |
| 6 | 232/21-ഉപ്പംക്കുന്ന് DWWS | 200000 | 20000 |
| 7 | 238/21 -തൊടുകാപ്പ് DWWS | 200000 | 15986 |
| 8 | 360/21-ഇളംക്കുന്ന് DWWS | 200000 | 20000 |
| 9 | 387/21 -കിഴക്കേപ്പുറമ്പ് DWWS | 200000 | 20000 |
| 10 | 213/20-കൂട്ടാണി DWWS | 200000 | 19865 |
| 11 | 222/21-ഇളംക്കുന്ന് DWWS | 200000 | 20000 |
| 12 | 239/21-തൊടുക്കാപ്പ് DWWS | 200000 | 20000 |
| 13 | 303/21-ചേലക്കുളം DWWS | 100000 | 99556 |
| 14 | 293/21-ചോളോട് DWWS | 100000 | 10000 |
| 15 | 198/21-തെക്കേക്കുന്ന് DWWS | 150000 | 10474 |

ഓഡിറ്റ് എൻകചയറി (നം:27/20-21/ 3.6.22 )ക്ക് മറുപടി ലഭ്യമാക്കിയ

## 1-20 കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ -പഴയത് സ്റ്റോ

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 215/21-ബോധിച്ചാള DWWS മോട്ടോർ മാറ്റൽ | അടങ്കൽ/ ഫണ്ടിനം | 1000 |
| ചെലവ് | 100000/- | ബിൽ നം | 35/2 21/1 |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 72/2 |
| എഗ്രിമെന്റ് | 69/19-20/AE/SLR/20.3.20 | കോൺട്രാക്ടർ | വി പ്ര |

ഐറ്റം നം (1) പ്രകാരം പുതിയ 5 HP Oppen Well മോട്ടോർ @18135/- മോട്ടോർ + സക്ഷൻ പൈപ്പ് + പാനൽ ബോഡ് ഉൾപ്പെടെയുള്ള അനുവദിച്ചിട്ടുണ്ട് , എന്നാൽ പഴയ മോട്ടോറിന്റ പാനൽ സാധനങ്ങൾ ഉപോഗിക്കാമെന്നിരിക്കെ 13135/- രൂപ നിര ക്രമപ്രകാരമല്ല സ്റ്റോക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എ 21/3.6.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ്-ലക്ഷ്യം കൈവര

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 192/21-ഖരമാലിന്യപ്ലാന്റ് അടിസ്ഥാന സൗകര്യമൊരുക്കൽ | അടങ്കൽ/ ഫണ്ടിനം | 2650 |
| ചെലവ് | 2194894/- | ബിൽ നം | 14/20 1616 |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 62/19 |
| എഗ്രിമെന്റ് | 62/18-19/AE/SLR/5.2.19 | കോൺട്രാക്ടർ | ഗിര (PAC |

2018-19 ൽ എഗ്രിമെന്റ് വച്ച പദ്ധതി പൂർത്തീകരിച്ചത് 23.2.2 .എന്നാൽ പൂർത്തീകരണ ശേഷം പദ്ധതി ലക്ഷ്യം കൈവരിക സംസ്ക്കരണ നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല കൈവിരിക്കുന്നിത് ആവശ്യമായ തുടർനടപടികൾ സ്വീകരിക

## 1-22 ബസ്സ് സ്റ്റാന്റ് നിർമ്മാണം -പൂർത്തീകരണ കാലാവ ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 198/21-ബസ്റ്റാന്റ് നവീകരണം | അടങ്കൽ/ ഫണ്ടിനം | 500 (PL |
| ചെലവ് | 4309643/- | ബിൽ നം | 45/2 21/1 138 46/2 |

| | | | |
|---|---|---|---|
| | | | 21/1<br>841(<br>64/2<br>21/2<br>204( |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 65/1<br>,165 |
| എഗ്രിമെന്റ് | 66/18-19/AE/SLR/6.3.19 | കോൺട്രാക്ടർ | രാ(<br>(PA( |

കോൺട്രാക്ട് എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ ആണ് എന്നാൽ അവസാന ചെക്ക് മെഷർമെന്റ് തീയ്യതി 30.12 പൂർത്തീകരിച്ചത് 30.12.2020 മാത്രമാണ് പബ്ലിക്ക് നിയമപ്രകാരമുള്ള(വിശദ വിവരത്തിന് ഖണ്ഡിക 1-16 കാണുക 1% =43116/-രൂപ ) ഈടാക്കിയിട്ടില്ല.മേൽ പ്രകാരമുള്ള നഷ്ടം കോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കണം
പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന്ന് ത്വരിതപ്പെടുത്തേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം:26/20-21/3 ലഭ്യമാക്കിയിട്ടില്ല.

**1-23 NREGS -മെറ്റീരിയൽ പർച്ചേസ് -GST/TDS നടത്തിയിട്ട്**

20-21 ൽ താഴെപ്പറയും പ്രകാരം മെറ്റീരിയൽ പർച്ചേസ് ഇ-ടെൻഡ താഴെപ്പറയും പ്രകാരം കോൺട്രാക്ടർ ശ്രീ മുർത്തിയ്ക്ക് തുക (ട്രാൻസാക്ഷൻ തീയ്യതി :25.12.2019 )

| നം | പ്രവർത്തി | മെറ്റീരിയൽകോസ്റ്റ് | കോൺട്ര |
|---|---|---|---|
| 1 | വട്ടലക്കി ഊര് നടപ്പാത | 322348 | ശ്രീ.മൂർ |
| 2 | വെല്ലക്കുളം നടപ്പാത | 426749 | ശ്രീ.മൂർ |
| 3 | താഴെക്കോട്ടത്തറ നടപ്പാത | 410778 | ശ്രീ.മൂർ |
| 4 | വണ്ണാത്തറ നടപ്പാത | 409540 | ശ്രീ.മൂർ |
| 5 | പന്നിക്കുഴി നടപ്പാത | 423538 | ശ്രീ.മൂർ |

| | | | |
|---|---|---|---|
| 6 | കൽമക്കിയൂർ നടപ്പാത | 404422 | ശ്രീ.മൂർ |
| 7 | ഇഞ്ചിക്കുളം നടപ്പാത | 411888 | ശ്രീ.മൂർ |
| 8 | ഷോളയൂർ ഫോറസ്റ്റ് നടപ്പാത | 290908 | ശ്രീ.മൂർ |
| 9 | മറ്റത്തുകാട് നടപ്പാത | 411547 | ശ്രീ.മൂർ |
| 10 | വട്ടലക്കി നടപ്പാത | 361264 | ശ്രീ.മൂർ |
| 11 | വട്ടലക്കി നടപ്പാത | 412329 | ശ്രീ.മൂർ |
| 12 | കോട്ടത്തറ നടപ്പാത | 389942 | ശ്രീ.മൂർ |
| 13 | വണ്ണാന്തറ നടപ്പാത | 397966 | ശ്രീ.മൂർ |
| 14 | ഷോളയൂർ നടപ്പാത | 408283 | ശ്രീ.മൂർ |
| 15 | വണ്ണാന്തറ നടപ്പാത | 389805 | ശ്രീ.മൂർ |
| 16 | പെട്ടിക്കൽ നടപ്പാത | 396095 | ശ്രീ.മൂർ |
| 17 | ഷോയൂർ നടപ്പാത | 418779 | ശ്രീ.മൂർ |
| 18 | ചുണ്ടക്കുളം നടപ്പാത | 419583 | ശ്രീ.മൂർ |
| 19 | മേലേ കുറുവാൻപ്പടി നടപ്പാത | 405189 | ശ്രീ.മൂർ |
| | ആകെ | 7510963 | |

രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണ

1.ടെൻണ്ടർ നടപടികളുടെ ഫയൽ പരിശോധിച്ചതിൽ പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

2.കോൺട്രാക്ടർ സമർപ്പിച്ച ബിൽ ഇൻവോയ്സ് (GST നമ്പരോ ഉള്ളത്)ഹാജരാക്കിയിട്ടില്ല .മാനവൽ ബില്ല് ആണ് സമർപ്പിച്ചിട്ടുള്ള

3.കോൺട്രാക്ടറുടെ GST രജിസ്ട്രേഷൻ (GST NO: 32BDGPM4955GI ) ഹാജരാക്കിയിട്ടില്ല

4.GST നിയമപ്രകാരം രണ്ടര ലക്ഷത്തിന് മുകളിൽ ഉള്ള ബ സെക്രട്ടറി GST/TDC (2%) നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയി

5.മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

6.കോൺട്രാക്ടർ സമർപ്പിച്ച ബില്ലുകൾ പ്രകാരമുള്ള തുകയുടെ രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.മേൽ പ്രകാര ഹാജരാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് എൻ /2.6.22 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 അഗതി രഹിത കേരളം -മോണിട്ടറിങ് കാര്യക്ഷമ

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 125/21-ആശ്രയ പദ്ധതി | അടങ്കൽ/ ഫണ്ടിനം | 500000(P |
| ചെലവ് | 500000 | ബിൽ നം | 6/20-21/20.6.2 |
| നിർവ്വഹണം | അസി.സെക്രട്ടറി | | |

സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗ കുടുംബങ്ങൾ. അഗതി കുടുംബങ്ങളുടെ ക്ഷേമത്തിനായി നിന്നും അഗതി രഹിത കേരളം പദ്ധതിക്കായി തുക വക ആവിഷ്കരിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള തുക കുടുംബ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

വിവിധ ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി സർവ്വേ പ്രക അഗതി കുടുംബങ്ങളിൽ വീട്, കട്ടിൽ, ടോയ് ലെറ്റ്, ഭവന കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗക ആവശ്യമുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 18 |
| വീട് ശോചനീയാവസ്ഥയിൽ ഉള്ളത് | 9 |
| സ്ഥലമില്ലാത്തവർ | 3 |
| അഗതിമന്ദിരത്തിൽ താമസിക്കുന്നത് | 1 |
| കട്ടിൽ ആവശ്യമുള്ളവർ | 100 |

| | |
|---|---|
| ടോയ് ലെറ്റ് അത്യാവശ്യമുള്ളവർ | 40 |
| ഭവന അറ്റകുറ്റപ്പണികൾ | 15 |
| മരുന്ന് ആവശ്യമുള്ളവർ | 12 |
| വീട് ആവശ്യമുള്ളവർ | 4 |
| ഭിന്നശേഷി വിഭാഗക്കാർ | 12 |

തുക നൽകുന്നത് അംഗീകാരം നൽകുന്നതൊഴിച്ച് സാമൂഹ ഗ്രൂപ്പോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ അഗതി ആവശ്യങ്ങൾ വിലയിരുത്തിയിട്ടില്ല എന്ന് മിനിറ്റ്സുകൾ പര കാണുന്നു.

പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സി.ഡി.എ പ്രതിമാസ യോഗം വിലയിരുത്തുന്നുണ്ട്. ഭരണ സമിതിക്ക് ഇത റിപ്പോർട്ടുകൾ നൽകുന്നില്ല. ഭക്ഷണ കിറ്റ്, മരുന്ന് ഗുണഭോക്താക്കളോ അവരുടെ ബന്ധുക്കളോ നേരിട്ട് ചെയ്യുന്നത്.നിലവിൽ മരുന്ന് വിതരണം വിദ്യാഭ്യാസ സഹായം അഭാവത്തിൽ നിർത്താലാക്കിയിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

